"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - മഹാത്മാഗാന്ധി സർവ്വകലാശാല – കോവിഡ് - 19 വൈറസ് വ്യാപനം പ്രതിരോധിക്കുന്നതുമായി ബന്ധപ്പെട്ട മാർഗരേഖ പാലിച്ചുകൊണ്ട് സർവ്വകലാശാലാ പരീക്ഷകൾ നടത്തുന്നത് - സർവ്വകലാശാല പ്രവർത്തന പരിധിക്ക് പുറത്ത് പരീക്ഷാ കേന്ദ്രങ്ങൾ സജ്ജമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.677/2020/ഉ.വി.വ** തീയതി.തിരുവനന്തപുരം, 27/05/2020

പരാമർശം:- 26.05.2020 തീയതിയിലെ മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസിലറുടെ VC.501/01/065/2020 നം. കത്ത്

**<u>ഉത്തരവ്</u>**

കോവിഡ്- 19 വൈറസ് വ്യാപനം പ്രതിരോധിക്കുന്നതിനായി രാജ്യവ്യാപകമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ലോക്ഡൗൺമൂലം സർവ്വകലാശാല പരീക്ഷകൾ മുടങ്ങി.

അഫിലിയേറ്റഡ് കോളേജുകളിലെ നിരവധി വിദ്യാർത്ഥികൾ സർവ്വകലാശാലാ പ്രവർത്തന പരിധിക്ക് പുറത്തുൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിന്നും പരീക്ഷാ കേന്ദ്രങ്ങളിലേയ്ക്ക് യാത്ര ചെയ്യാനാകാതെ കഴിയുകയാണ്.

പരാമർശപ്രകാരം മഹാത്മാ ഗാന്ധി സർവകലാശാല ഇപ്രകാരം പരീക്ഷ നടത്താൻ തീരുമാനിച്ചിരിക്കുന്നു:

i) 2020 ജൂൺ 1, 3, 5, 6 എന്നീ തീയതികളിൽ ആറാം സെമസ്റ്റർ ബിരുദ പരീക്ഷകളും, സപ്ലിമെന്ററി പരീക്ഷകളും ബി.വൊക് പരീക്ഷകളും,

ii) ജൂൺ 8, 9, 10, 11, 12 തീയതികളിൽ അഞ്ചാം സെമസ്റ്റർ പ്രൈവറ്റ് വിദ്യാർത്ഥികളുടെ പരീക്ഷകളും

ഈ സാഹചര്യത്തിൽ നിലവിലുള്ള യാത്രാനിയന്ത്രണങ്ങൾ കാരണം സർവ്വകലാശാലാ പ്രവർത്തന പരിധിക്ക് പുറത്തുള്ള വിവിധ കേന്ദ്രങ്ങളിൽക്കൂടി സർവ്വകലാശാലാ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷ നടത്തുവാൻ അനുമതി നൽകണമെന്ന് മഹാത്മാ ഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ അഭ്യർഥിച്ചിരിക്കുന്നു.

മഹാത്മാ ഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറുടെ അഭ്യർത്ഥന പരിഗണിച്ച്, നിലവിലുള്ള പ്രത്യേക സാഹചര്യം കണക്കിലെടുത്ത്, സർവകലാശാല പരിധിക്കു പുറത്തുള്ള വിവിധ കേന്ദ്രങ്ങളിൽ പരീക്ഷ നടത്തുന്നതിന് മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് അനുമതി നൽകിക്കൊണ്ടും താഴെപ്പറയുന്ന കേന്ദ്രങ്ങളിൽ പരീക്ഷ കേന്ദ്രങ്ങൾ അനുവദിച്ചു നൽകുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

1. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
2. ഗവൺമെന്റ് കോളേജ്, ചവറ, കൊല്ലം
3. ഗവ. ബി.എഡ്. ട്രെയിനിംഗ് കോളേജ്, തൃശ്ശൂർ
4. ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്
5. ഗവ. ആർട്ട്സ് കോളേജ്, മീൻചന്ത, കോഴിക്കോട്
6. വി.കെ. കൃഷ്ണമേനോൻ മെമ്മോറിയൽ ഗവൺമെന്റ് വിമൻസ് കോളേജ്, കണ്ണൂർ
7. ഗവ. കോളേജ്, കാസറഗോഡ്
8. ഗവ. കോളേജ്, മലപ്പുറം
9. ഗവ. കോളേജ്, കൽപറ്റ, വയനാട്

ലക്ഷദ്വീപിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്കായി ലക്ഷദ്വീപിൽ ഗവ Girls Higher Secondary School കവരത്തിയിൽ വെച്ച് അതേ തീയതി തന്നെ പരീക്ഷ നടത്താൻ അഡ്മിനിസ്ട്രേറ്റുമായി സർവകലാശാല ബന്ധപ്പെട്ട നടപടി എടുക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.ഉഷ ടൈറ്റസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

1. വൈസ് ചാൻസലർ, മഹാത്മാ ഗാന്ധി സർവ്വകലാശാല
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. രജിസ്ട്രാർ. മഹാത്മാ ഗാന്ധി സർവകലാശാല.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള,തിരുവനന്തപുരം.
5. www.highereducation.kerala.gov.in
6. എല്ലാ സർവകലാശാലാ പരീക്ഷ കൺട്രോളർമാർക്കും റെജിസ്ട്രാർമാർക്കും
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ബി4/92/2020/ഉ.വി.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ